# പത്രകുറിപ്പ്

തിരുവനന്തപുരം റണ്ണേസ് ക്ലബ്ബ്, കേരള ടൂറിസം, ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ 09.12.2017 ശനിയാഴ്ച രാത്രി 9.00 മണിമുതൽ 10.12.2017 ഞായറാഴ്ച രാവിലെ 07.00 മണിവരെ നടത്തുന്ന ട്രിവാഡ്രം മാരത്തോണിന്റെ ഭാഗമായി ശാസ്തമംഗലം, വെള്ളയമ്പലം, കവടിയാർ, ആൽത്തറ, മാനവീയം വീഥി, കെൽട്രോൺ, മ്യൂസിയം, കോർപ്പറേഷൻ പോയിന്റ്, ജി.വി.രാജ, ആർ.ആർ.ലാംമ്പ്, വി.ജെ.റ്റി, സ്റ്റാച്യു, പുളിമൂട്, ആയുർവേദ കോളേജ് എന്നീ ഭാഗങ്ങളിൽ ഗതാഗതക്രമീകരണങ്ങൾ ഉണ്ടയിരിക്കുന്നതാണ്.

കൂടാതെ മാരത്തോണുമായി ബന്ധപ്പെട്ട09.12.2017 തീയതി വൈകുന്നേരം 05.00 മണിമുതൽ മാരത്തോൺ തീരുന്നതു വരെ മാനവീയം റോഡിലൂടെയുള്ള വാഹന ഗതാഗതം ഒഴിവാക്കി മ്യൂസിയം നന്ദാവനം റോഡിലൂടെ പോകേണ്ടതും വലിയ വാഹനങ്ങൾ മാരത്തോൺ റൂട്ട് ഒഴവാക്കിയും പോകേണ്ടതാണ്.

കവടിയാർ – വെള്ളയമ്പലം - ശാസ്തമംഗലം - മ്യൂസിയം - ആർ.ആർ ലാംമ്പ് - വി.ജെ.റ്റി - സ്റ്റാച്യു – പുളിമൂട് - ആയുർവേദ കോളേജ് റോഡിലും, വെള്ളയമ്പലം - വഴുതക്കാട് റോഡിലും മേൽപ്പറഞ്ഞ ദിവസം ഒരു കാരണവശാലും വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുവദിക്കുന്നതല്ല.

നിർദ്ദേശങ്ങൾക്ക് വിപരീതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങളെ സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതായിരിക്കും, വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഉത്തരവാദിത്വപ്പെട്ട ആളുടെ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.